"ഭരണഭാഷ-മാതൃഭാഷ"

നം. 14213/പി.എം. 2/2017/സി.ആർ.ഡി.

ഗ്രാമവികസന കമ്മീഷണറേറ്റ്
സ്വരാജ് ഭവൻ, നന്തൻകോട്
കവടിയാർ-പി.ഒ., തിരുവനന്തപുരം,
തീയതി : 8.12.17

# സർക്കുലർ

ജലസംരക്ഷണത്തിനായി നമ്മുടെ സംസ്ഥാനത്ത് പല മോഡലുകൾ നിർദ്ദേശിക്കപ്പെടുകയും പ്രാവർത്തികമാക്കപ്പെട്ടുകൊണ്ടിരിക്കുകയുമാണ്. ജലസംരക്ഷണ പ്രവർത്തനത്തിനായി വർഷം മുഴുവൻ ജലം ലഭിക്കുന്നതിന് ഭൂമിയിലെ നീരുറവകളെ മെച്ചപ്പെടുത്തുകയും അടഞ്ഞുപോയവയെ പുനരുജ്ജീവിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശത്തോടെ സാമൂഹ്യ/പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് 'ജലപുനർജനി'. ഇതൊരു യജ്ഞമായി പങ്കാളിയാകാൻ താത്പര്യമുള്ള എല്ലാ വിഭാഗത്തിൽപ്പെട്ടവരെയും പങ്കെടുപ്പിക്കേണ്ടതാണ്. പ്രദേശത്തെ സ്കൂൾ/കോളേജ് വിദ്യാർത്ഥികൾ, ആർട്ട്സ്-സ്പോർട്ട്സ്-ഹരിത-പരിസ്ഥിതി ക്ലബ്ബുകൾ, കർഷക സംഘങ്ങൾ, സഹകരണ സംഘങ്ങൾ, പൊതു പ്രവർത്തകർ എല്ലാ തലത്തിലെയും തെരെഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ, സർക്കാർ ഉദ്യോഗസ്ഥർ, പൊതു പ്രവർത്തകർ തുടങ്ങി ഈ യജ്ഞത്തിൽ പങ്കാളികളാവാൻ താത്പര്യമുള്ള ആരെയും ഉൾപ്പെടുത്താവുന്നതും ഒരു കർമ്മ പരിപാടി ആവിഷ്കരിച്ച് പ്രവർത്തിക്കേണ്ടതുമാണ്. സമാനമായ പദ്ധതികൾ നടപ്പിലാക്കുന്ന പ്രദേശങ്ങളിൽ പ്രത്യേകിച്ചും ഹരിതകേരളം പദ്ധതിയുടെ ഭാഗമാക്കിയും ഈ യജ്ഞം ഏറ്റെടുക്കേണ്ടതാണ്. ഈ യജ്ഞത്തിലെ ജില്ല/ബ്ലോക്ക്/ഗ്രാമ തല പ്രവർത്തന ഏകോപനത്തിനായി പ്രോജക്ട് ഡയറക്ടർ കൺവീനറായി ജില്ലാതല ഏകോപന സമിതി രൂപീകരിക്കാൻ നിർദ്ദേശിക്കുന്നു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/ജില്ലാ കളക്ടർ ചെയർമാനും പ്രോജക്ട് ഡയറക്ടറെ സഹായിക്കാൻ ജില്ലകളിൽ IWMP (PMKSY-WDC) ൽ നിയമിതരായിരിക്കുന്ന ടെക്നിക്കൽ എക്സ്പർട്ട്മാരെ കോ-ഓർഡിനേറ്റർമാരായും ചുമതലപ്പെടുത്തേണ്ടാണ്. ഈ സമിതി ജില്ലാതലത്തിൽ എം.ജി.എൻ.ആർ.ഇ.ജി.എസ്, ഇറിഗേഷൻ, കൃഷി, കുടുംബശ്രീ, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, ഹരിതകേരളം ജില്ലാ കോ-ഓർഡിനേറ്റർ തുടങ്ങിയവരെ ഉൾപ്പെടുത്തി ജലപുനർജനി പ്രവർത്തികൾ പ്ലാൻ ചെയ്യേണ്ടതും, ഏകോപിപ്പിക്കേണ്ടതും, വിവര വിജ്ഞാന വ്യാപനം നടത്തേണ്ടതുമാണ്. മേൽപറഞ്ഞ രീതിയിൽ ബ്ലോക്ക്

പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി കൺവീനറായും ബ്ലോക്കിൽ ഉൾപ്പെടുന്ന എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്മാർ, എല്ലാ മെമ്പർമാർ മറ്റു സാമൂഹ്യ പ്രവർത്തകർ, ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി പ്രവർത്തികൾ ആവിഷകരിച്ച് നടപ്പിലാക്കേണ്ടതാണ്. പ്രോജക്ട് ഡയറക്ടർമാർ ജില്ലയിൽ നടപ്പിലാക്കുന്ന ജലപുനർജനി യജ്ഞം ഡോക്കുമെന്റ് ചെയ്യേണ്ടതുമാണ്. പൊതുജന പങ്കാളിത്തത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ട ഈ പദ്ധതിക്ക് പ്രത്യേകമായി സാമ്പത്തിക സഹായമൊന്നുമുണ്ടായിരിക്കുന്നതല്ല. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി, നീർത്തടാധിഷ്ഠിത വികസനപദ്ധതി എന്നിവയിൽ അത്യാവശ്യമായ പ്രവർത്തികൾ ആയതിന്റെ മാനദണ്ഡമനുസരിച്ച് ഏറ്റെടുക്കാവുന്നതും നീർത്തടപദ്ധതിയിൽ വ്യന്യസിച്ചിരിക്കുന്ന WDT അംഗങ്ങളുടെ സേവനം പൂർണ്ണമായും ഈ യജ്ഞത്തിന് ഉപയോഗിക്കേണ്ടതുമാണ്. പ്രാദേശീകമായ ആവശ്യങ്ങളും പ്രത്യേകതകളും ഉൾപ്പെടുത്തി അടഞ്ഞുവപോയ നീരുറവകളെ പുനരുജ്ജീവിപ്പിക്കുന്ന ഈ യജ്ഞം ഭാവി തലമുറയോട് നമുക്ക് ചെയ്യാവുന്ന കടമയും ഒപ്പം ജലത്തിന്റെ 'ഉറവിടം' മെച്ചപ്പെടുത്തുന്നതിലൂടെ കുടിവെള്ളത്തിനും, കാർഷിക/ഗാർഹിക ഉപയോഗങ്ങൾക്കും ജലലഭ്യത ഉറപ്പാക്കാൻ ഇതര പദ്ധതികളോടൊപ്പം നമുക്കും കൈകോർക്കാം.

ഗ്രാമവികസന കമ്മീഷണർ